ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടിയുണ്ടായിരുന്നു റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നോംസ് പ്രകാരം അക്കാഡമിക് ബ്ലോക്ക്, പ്രിൻസിപ്പൽ ഓഫീസ് എന്നിവ പണിയേണ്ടത് ഒഴിച്ചുകൂടാനാവാത്തതാണ്. ഇതിനുവേണ്ടി 33.74 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടെങ്കിലും ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. എന്നിരുന്നാലും ചീഫ് എഞ്ചിനീയറുടെ മാപ്സം പ്രൊവിഷനിൽ വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. തൃശൂർ മെഡിക്കൽ കോളേജിലെ സ്പീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള മെസ്സേഴ്സ്സ് ഹിന്ദുസ്ഥാൻ പ്രഫുൽ ലിമിറ്റഡ് 4.5 കോടി രൂപയുടെ ഒരു പ്രോജക്ട് എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഇത് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(4) ജവഹർ ബാലഭവന്റെ സ്ഥലം സംരക്ഷിക്കാൻ നടപടി

ശ്രീ. എം. മുരളി: സർ, അതീവ ഗുരുതരമായ ഒരു വിഷയമാണിത്. തിരുവനന്തപുരത്തെ ജവഹർ ബാലഭവന്റെ അസ്തിത്വം തന്നെ ഇല്ലാതാക്കുന്ന സർക്കാരിന്റെ നടപടി ഗവൺമെന്റിന്റേയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടു വരികയാണ്. 1956-ൽ ഡൽഹിയിലെ തുർക്മാൻ ഗേറ്റിൽ ഒരു തകരക്കെട്ടിടത്തിലാണ് രാജ്യത്തെ ആദ്യത്തെ ബാലഭവൻ ജന്മമെടുത്തത്. ഇതിന്റെ സ്ഥാപകൻ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്നെയായിരുന്നു. ഇന്ന് രാജ്യത്ത് അത്ഭുത പൂർവ്വമായ വളർച്ച കൈവരിച്ച 70-ൽ പരം ബാലഭവനുകളുണ്ട്. ഇതെല്ലാം ഡൽഹിയിലെ ബാലഭവനുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുമുണ്ട്. തിരുവനന്തപുരത്തെ ബാലഭവൻ കേരളത്തിന്റെ അഭിമാനമാണ്. അക്കാദമിക് നിബന്ധനകൾ ഇല്ലാതെ, കുരുക്കുകളില്ലാതെ 4 വയസ്സ് മുതൽ 14 വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് സ്വതന്ത്രമായി പെരുമാറാനും സ്കൂൾ സിലബസ്സിന്റേയോ പരീക്ഷകളുടേയോ കടമ്പകളില്ലാതെ പാറി നടക്കാനും അവരുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കാനുമുള്ള പഠനരീതികളാണ് ബാലഭവനുകൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ സമയം കഴിഞ്ഞിട്ടുള്ള സമയം കുഞ്ഞുങ്ങളുടെ മാനസിക വളർച്ചയ്ക്കും സ്വഭാവ രൂപീകരണത്തിനും വേണ്ടതെല്ലാം ബാലഭവനിലുണ്ട്. യാതൊരു ചെലവുകളുമില്ലാതെ കുഞ്ഞുങ്ങൾക്ക് പ്രകൃതിയെ സ്നേഹിക്കാനും പഠിക്കാനും സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുവാനും ബാലഭവനുകൾ കാരണമായി. കേരളത്തിന്റെ അഭിമാനമായ തിരുവനന്തപുരത്തെ സ്റ്റേറ്റ് ജവഹർ ബാലഭവൻ 1969 ആഗസ്റ്റ് മാസം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച 40 വർഷം പിന്നിടുന്ന സ്ഥാപനമാണ്. തിരുവനന്തപുരത്തെ കനകക്കുന്ന് കൊട്ടാരവളപ്പിൽ സർക്കാർ നൽകിയ രണ്ടര ഏക്കർ സ്ഥലമാണ് ബാലഭവന്റെ പ്രവർത്തനകേന്ദ്രം. ഇന്നത്തെ ഭരണസമിതി ഫർണിച്ചർ വിൽപ്പനമേളയ്ക്കും ഓട്ടോ മേളകൾക്കുമുള്ള വേദിയായി ഈ സ്ഥലത്തെ ഇന്ന് പരിവർത്തനം ചെയ്തിരിക്കുകയാണ്. ഇവിടെ കുഞ്ഞുങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അന്യരായി മാറിയിരിക്കുന്നു. ഇപ്പോൾ ബാലഭവൻ വെട്ടിമുറിച്ച് ആ ബാലഭവന്റെ ചരമഗീതം മുഴക്കാൻ പോവുകയാണ്. ഈ നടപടിയിൽ നിന്നും സർക്കാർ പിൻമാറണം. ചലച്ചിത്ര അക്കാഡമി, ഫിലിം ഫെസ്റ്റിവൽ ഡയറക്ടറേറ്റ്, മിനി തിയേറ്റർ കോംപ്ലക്സ് എന്നിവ അടങ്ങിയ ഒരു സാംസ്ക്കാരിക സമുച്ചയം തിരുവനന്തപുരത്ത് ഉണ്ടാക്കുന്നതിനോട് എല്ലാവരും യോജിക്കും. ബാലഭവന്റെ രണ്ടര ഏക്കർ സ്ഥലം അപഹരിച്ചെടുത്ത് അവിടെ ഈ സ്ഥാപനം വരാനുള്ള ശ്രമം സർക്കാർ ഉപേക്ഷിക്കണം. ഒരു കാര്യം കൂടി പറയുവാനുള്ള സമയം വേണം. ഇതിന് വേറെ സ്ഥലം കണ്ടെത്തണം. അതുകൊണ്ട് പിഞ്ചുകുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള ഈ സ്ഥാപനത്തിന്റെ കഴുത്തിൽ വച്ചിരിക്കുന്ന കത്തി സർക്കാർ ഉപേക്ഷിക്കണം. തിരുവനന്തപുരത്തെ ബാലഭവന്റെ ഭരണസമിതി രാഷ്ട്രീയവത്ക്കരിക്കുവാനുള്ള ശ്രമങ്ങളിൽ നിന്നും സർക്കാർ പിൻമാറണം. അതിനുവേണ്ടി ബൈ-ലോ ഭേദഗതി ചെയ്യാൻ ഇപ്പോൾ നടക്കുന്ന നീക്കങ്ങൾ വളരെ ഖേദകരമാണ്. അത്തരം ഹീനമായ നീക്കങ്ങളിൽ നിന്നും സർക്കാർ പിൻമാറാൻ തയ്യാറാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, തിരുവനന്തപുരത്തെ ജവഹർ ബാലഭവൻ ആധുനികരിക്കുന്നതിനായി ശ്രീ. ഒ. എൻ. വി. കുറുപ്പ്, ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, ശ്രീമതി സുഗതകുമാരി തുടങ്ങിയവർ അടങ്ങുന്ന ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിനായി ചലച്ചിത്ര അക്കാഡമിയുടെ ഫണ്ടുകൂടി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നു. ഓരോ വർഷവും ഏതാനും ദിവസം കുട്ടികളുടെ ചലച്ചിത്രോത്സവത്തിനും അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിനും ഇവിടെ പുതുതായി നിർമ്മിക്കുന്ന അധിക സൗകര്യങ്ങൾ ലഭ്യമാക്കാമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ചലച്ചിത്ര അക്കാഡമി ഇത്തരത്തിലുള്ള സാമ്പത്തിക സഹായം നൽകുന്നത്. ജവഹർ ബാലഭവന്റെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ജവഹർ ബാലഭവന് തന്നെ ലഭ്യമാക്കുക എന്നതും ഈ പദ്ധതിയുടെ ഉദ്ദേശമാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രകടിപ്പിച്ച ഉൽകണ്ഠകൾക്ക് യാതൊരു പ്രസക്തിയുമില്ല. ജവഹർ ബാലഭവന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. രാഷ്ട്രീയവത്കരണത്തിന്റെ പ്രശ്നമേ ഇവിടെ ഉത്ഭവിക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട സുഹൃത്ത് എം. മുരളി ഇവിടെ പ്രകടിപ്പിച്ച ആശങ്കകൾക്ക് അടിസ്ഥാനമില്ല എന്ന് അദ്ദേഹത്തെ അറിയിക്കുന്നു.

(5) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ശ്രീ. എം. എം. മോനായി: സർ, സമഗ്ര ആരോഗ്യ ഇൻഷ്വുറൻസ് പദ്ധതി (RHPY) പ്രകാരം രജിസ്റ്റർ ചെയ്യുകയും ഇൻഷ്വുറൻസ് കാർഡ് നേടുകയും ചെയ്ത ബി.പി.എൽ., എ.പി.എൽ. വിഭാഗങ്ങളിൽപ്പെട്ട പലർക്കും പല സ്വകാര്യ ആശുപത്രികളും ചികിത്സ നിഷേധിക്കുന്നതായി അടുത്ത നാളുകളിലായി ധാരാളം പത്രങ്ങൾ ഉണ്ടാകുന്നു. പ്രസ്തുത പദ്ധതി പ്രകാരം ചികിത്സ നൽകിയ ഇനത്തിൽ ലക്ഷക്കണക്കിന് രൂപ ഓരോ ആശുപത്രികൾക്കും ഇൻഷ്വുറൻസ് കമ്പനി നൽകാനുണ്ടെന്നാണ് ആശുപത്രി അധികൃതരുടെ

LIBRARY ARCHIVES Kerala Legislative Assembly